K23U 1966

Reg. No.: ..............................

Name : ..................................

# II Semester B.A./B.Sc. Degree (CBCSS – OBE – Regular/Supplementary/ Improvement) Examination, April 2023
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 2A08 MAL : കവിതാ മാതൃകകൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **2** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ചെറുശ്ശേരിയുടെ വർണ്ണനാപാടവം ശരത് വർണ്ണനത്തെ ആസ്പദമാക്കി വിവരിക്കുക.

2) ശുഭപ്രതീക്ഷയുടെയും പ്രത്യാശയുടെയും മനോഹര കാഴ്ചയാണ് വൈലോപ്പിള്ളിയുടെ ഓണപ്പാട്ടുകാർ. വിവരിക്കുക.

3) കരുണ ഏറ്റവും മഹത്വമേറിയതും മൂല്യവത്തുമായ മാനുഷിക വികാരമാണ്. കുമാരനാശാന്റെ കരുണ മുൻനിർത്തി വിശദീകരിക്കുക.

4) പാരിസ്ഥിതിക പ്രതിരോധത്തിന്റെ ശക്തമായ മാതൃകകളാണ് സുഗതകുമാരിയുടെ കാവ്യങ്ങൾ – അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും എന്ന കവിത മുൻനിർത്തി വിലയിരുത്തുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

5) മനുഷ്യ സൃഷ്ടിയുടെ ഉത്പത്തിയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വേദവിഹാരത്തിൽ വ്യാഖ്യാനിക്കുന്നത് എങ്ങിനെയാണ് ?

6) നിങ്ങളോടു നിങ്ങൾ തന്നെ നിരന്തരം ചോദിച്ചുകൊണ്ടിരിക്കുന്ന കുറേ ചോദ്യങ്ങളാണ് ഒരു കാലമുണ്ടായിരുന്നു എന്ന കവിതയിൽ. വിശദീകരിക്കുക.

7) ഗ്രാമീണതയുടെ ആർദ്രതയാണ് എസ്. ജോസഫ് കവിതകളുടെ മുഖമുദ്ര കുട ചൂടി മറഞ്ഞവൾ എന്ന കവിത മുൻനിർത്തി പരിശോധിക്കുക.

8) പട്ടിയായിയിരിക്കുക എളുപ്പമല്ല ഈ പ്രസ്താവന പട്ടിജന്മം എന്ന കവിത മുൻനിർത്തി വിലയിരുത്തുക.

P.T.O.

9) പി. കുഞ്ഞിരാമൻ നായരുടെ സാമൂഹികവും രാഷ്ട്രീയവുമായ നിലപാടാണ് കാലവർഷമേ നന്ദി എന്ന കവിതയിൽ പ്രകടമാകുന്നത് – വിശദീകരിക്കുക.

10) തീവ്രമായ പ്രണയത്തിന്റെ വിജയകരമായ പര്യവസാനമാണ് ബദറുൽ മുനീർ ഹുസ്നുൽ ജമാൽ അവതരിപ്പിക്കുന്നത് - വിശദീകരിക്കുക. **(4×3=12)**

III. **I00** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

11) ‘‘കുടിക്കാൻ കഞ്ഞിയില്ലാത്ത
കുന്നുകൾക്കു സുഭിക്ഷമായ്;
ഉടുക്കാൻ തുണിയില്ലാത്ത
പുഴകൾക്കിന്നു സാരിയായ് ’’ – സന്ദർഭവും ആശയവും വ്യക്തമാക്കുക.

12) ‘‘തനിച്ച്, മഞ്ഞത്ത്, പുറത്തിരുട്ടത്ത്
നിനക്കു വേണ്ടി ഞാൻ തളിർത്തു പൂവിട്ടു...’’ ആർക്കു വേണ്ടി ? ആശയം വ്യക്തമാക്കുക.

13) കുട വിപ്ലവകരമായ ഒരു പ്രതീകമാണ് – പി. പി. രാമചന്ദ്രന്റെ മാൻമാർക്കു കുട എന്ന കവിത മുൻനിർത്തി വിലയിരുത്തുക.

14) മകൾ-അമ്മ-പത്നി ഈ മൂന്ന് കല്ലുകളാണ് അടുപ്പിന്റെ അടിസ്ഥാനം – പുകയില്ലാത്ത അടുപ്പുകളുടെ ഉപമ മുൻനിർത്തി വിശദീകരിക്കുക.

15) മറകുടയ്ക്കകത്തിരുട്ടു നീക്കുവാൻ വിളക്കുമായി വന്ന കറുത്ത പൂജാരി – ആരെയാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

16) ശൂർപ്പണഖയും രാമനും തമ്മിലുള്ള സംഭാഷണം ചുരുക്കി എഴുതുക. **(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) കിളിപ്പാട്ട്

18) ആധുനിക കവിത്രയം

19) മഹാകവി മോയിൻകുട്ടി വൈദ്യർ

20) പി. കുഞ്ഞിരാമൻ നായർ

21) ചെറുശ്ശേരി

22) വീരാൻകുട്ടി. **(4×1½=6)**

KANNUR UNIVERSITY